പതിനാലാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 4744

26-06-2019-ൽ മറുപടിക്ക്

## കൈപ്പാട് കർഷകർക്ക് അംഫിബിയസ് ട്രാക്ടർ മെഷീൻ

| ചോദ്യം<br>ശ്രീ.റ്റി.വി. രാജേഷ് | | മറുപടി<br>ശ്രീ. വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|---|
| | കണ്ണൂർ ജില്ലയിലെ കൈപ്പാട് കർഷകർക്ക് കൈപ്പാടിൽ കൂന എടുക്കുന്നതിന് സഹായകരമായ വിധത്തിൽ സ്ഥിരമായി അംഫിബിയസ് ട്രാക്ടർ മെഷീൻ ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ;വിശദാംശം നൽകുമോ? | നിലവിൽ കേരള കാർഷിക സർവ്വകലാശാലയുടെ മങ്കൊമ്പ് നെല്ല് ഗവേഷണ കേന്ദ്രത്തിന്റെ കൈവശം പ്രവർത്തനസജ്ജമായ ട്രക്സർ എന്ന ഒരു അംഫീബിയൻ യന്ത്രം ഉണ്ട്. ഇത് സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിൽ വിവിധ ആവശ്യങ്ങൾക്കായി ഉപയോഗിച്ച് വരുന്നുണ്ട്. ഈ യന്ത്രം കൈപ്പാട് കർഷകർക്ക് ആവശ്യമുള്ള സമയങ്ങളിൽ വിട്ട് നൽകുവാൻ സാധിക്കുന്നതാണ്. ഈ യന്ത്രത്തിന്റെ പ്രായോഗികത മുഴുവനും വിലയിരുത്തിയ ശേഷം ഉപകാരപ്രദമെങ്കിൽ കൂടുതൽ യന്ത്രങ്ങൾ വാങ്ങാൻ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ